**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1805** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ഗ്രാമങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത സൗകര്യങ്ങൾ കുറഞ്ഞ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രത്യേകമായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉൾനാടൻ ഗ്രാമങ്ങളിലെ ഗതാഗത സൗകര്യത്തിന് കെ.എസ്.ആർ.ടി.സി.യും കേരളത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 16 യൂണിറ്റുകളിൽ നിന്ന് 20 ഗ്രാമവണ്ടി സർവീസുകൾ നടത്തി വരുന്നു. |
| (ബി) | നേരത്തെ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് സർവ്വീസ് നടത്തിയിരുന്നതും കോവിഡ് മഹാമാരിക്കുശേഷം നിർത്തിവച്ചതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് മുൻഗണന നൽകുമോ; | (ബി) | കോവിഡ് കാലത്ത് ഉൾനാടൻ ഗ്രാമങ്ങളിലേക്ക് നടത്തിയിരുന്ന സർവീസുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ച് നടത്തി വരുന്നു. |
| (സി) | കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര-കുറ്റ്യാടി വഴി തൊട്ടിൽപാലം ഡിപ്പോയിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ; ഈ മേഖലയിലെ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര-കുറ്റ്യാടി വഴി തൊട്ടിൽപാലം ഡിപ്പോയിലേക്ക് 58 ട്രിപ്പുകളാണ് നിലവിൽ നടത്തി വരുന്നത്. ഈ മേഖലയിൽ കാര്യക്ഷമമായി സർവീസ് നടത്തി വരുന്നുണ്ട്. യാത്രാക്ലേശം സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും രാത്രികാലങ്ങളിലുൾപ്പെടെ എത്തിച്ചേരുന്ന ഗ്രാമീണയാത്രക്കാർക്ക് ആശ്വാസമാകുന്നവിധം കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ